പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1368 — 04/12/2014 -ൽ മറുപടിക്ക്

**<u>കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്ര ഫീസ്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.കെ. ബഷീർ | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| എ) | കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗ പത്രം, രജിസ്ട്രേഷൻ ഇവയുടെ ഫീസ് ഉയർത്തി സർക്കാർ ഉത്തര വിറക്കിയിട്ടുണ്ടോ ; | എ) | കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രം, ദാനം, ഒഴിമുറി, ധനനിശ്ചയം എന്നീ ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് നിരക്കുകളിൽ വർദ്ധനവ് വരുത്തിയിട്ടില്ല. 08.10.2014-ലെ ജി.ഒ. (പി)172/2014/റ്റിഡി. നമ്പർ വിജ്ഞാപനത്തിലൂടെ കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രം, ദാനം, ഒഴിമുറി, ധനനിശ്ചയം എന്നീ ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ്, പരമാവധി 25,000/- രൂപ എന്നതിനുവിധേയമായി വിലയുടെ ഒരു (1) ശതമാനം എന്നതിൽ, പരമാവധി 25000/- രൂപ എന്ന വ്യവസ്ഥ ഒഴിവാക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. |
| ബി) | എങ്കിൽ ആയത് ഈടാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | ബി) | രജിസ്ട്രേഷൻ ഫീസ് നിരക്കിൽ വർദ്ധനവ് വരുത്തിയിട്ടില്ലാത്തതിനാൽ ബാധകമല്ല. |
| സി) | ഇക്കാര്യത്തിൽ ഒരു ഏക്കർ വരെയുള്ള ഭാഗപത്രത്തിനും മറ്റും പഴയ രീതി തന്നെ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | സി) | ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.